"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകപ്പ് - കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിലെ ജീവനക്കാർക്ക് 2026 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ശമ്പളം, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.771/2026/AGRI തീയതി,തിരുവനന്തപുരം, 17-08-2026

---

പരാമർശം:- 1) സ.ഉ.(സാധാ) നം.392/2026/അഗ്രി തീയതി 16/04/2026.

2) സ.ഉ.(സാധാ) നം.559/2026/അഗ്രി തീയതി 17/06/2026.

3) കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടറുടെ 13/07/2026 തീയതിയിലെ 32/IRTCBSF/2015 നമ്പർ കത്ത്.

4) സ.ഉ.(സാധാ) നം.6361/2026/ധന തീയതി 10/08/2026.

**<u>ഉത്തരവ്</u>**

2026 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ ജീവനക്കാരുടെ ശമ്പളം, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 40,59,430/- (നാൽപ്പത് ലക്ഷത്തി അൻപത്തിയൊൻപതിനായിരത്തി നാനൂറ്റി മുപ്പത് രൂപ മാത്രം) രൂപയുടെ അധിക തുക അനുവദിക്കണമെന്ന് കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിലെ ജീവനക്കാർക്ക് 2026 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ശമ്പളം, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 20,19,000/- രൂപ 2415-01-004-88 പ്ലാൻ ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ചുകൊണ്ട് പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിലെ ജീവനക്കാർക്ക് 2026 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ശമ്പളം, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി, സൂചന (4)-ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം അധിക ധനാനുമതിയായി അനുവദിച്ച 20,19,000/- രൂപ (ഇരുപത് ലക്ഷത്തി പത്തൊൻപതിനായിരം രൂപ) മാത്രം 2415-01-004-88-00-00-00-P-V-International Research and Training Centre for Below Sea

**Level Farming, Kuttanad** എന്ന ശീർഷകത്തിൽ അനുവദിച്ചും, പ്രസ്തുത തുക സ്ഥാപനത്തിന്റെ **PSTSB Account No.799012700001387**-ലേയ്ക്ക് വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(3) കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി ഓരോ സാമ്പത്തിക വർഷവും കൂടുതൽ പദ്ധതി വിഹിതം വകയിരുത്തുന്നത് സംബന്ധിച്ച് സംസ്ഥാന പ്ലാനിങ്ങ് ബോർഡുമായി ചേർന്ന് തുടർനടപടി സ്വീകരിക്കുന്നതിന് ആവശ്യമായ ശിപാർശകൾ കുട്ടനാട് അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ടി വി ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം, കുട്ടനാട്, ആലപ്പുഴ.
പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-ബി) വകുപ്പ് (13/08/2026 തീയതിലെ 3519634/അഗ്രി-ബി1/262/2026/ഫിൻ പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Pradeep M S
Date: 18-08-2026
10:27:52
സെക്ഷൻ ഓഫീസർ